(ഡി) പുതിയ പി. എസ്. സി. അംഗങ്ങളെ തെരഞ്ഞെടുത്തതുമൂലം നിയമന കാര്യങ്ങളിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പന്ത്രണ്ട്.

(ബി) & (സി) ഇന്ത്യൻ ഭരണഘടനയുടെ 316-ാം ആർട്ടിക്കിൾപ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനിലെ മൊത്തം അംഗങ്ങളുടെ പകുതിയോളം പേർ അവരുടെ നിയമനതീയതിയിൽ കേന്ദ്ര ഗവൺമെന്റിന്റെയോ സംസ്ഥാന ഗവൺമെന്റിന്റെയോകീഴിൽ കുറഞ്ഞപക്ഷം പത്ത് വർഷം സർവ്വീസ് ഉള്ളവരായിരിക്കണം. വിദ്യാഭ്യാസയോഗ്യത നിശ്ചയിക്കപ്പെട്ടിട്ടില്ല. പുതുതായി നടത്തിയിട്ടുള്ള നിയമനങ്ങൾ ഭരണഘടനാ വ്യവസ്ഥകൾക്കു വിരുദ്ധമാണെന്ന പരാതി ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുണ്ട്.

(ഡി) കണക്കാക്കപ്പെട്ടിട്ടില്ല.

പി. എസ്. സി. പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കാൻ പദ്ധതി

202 [3173] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

„ *റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. പരീക്ഷാസമ്പ്രദായം പരിഷ്കരിക്കാൻ പദ്ധതിയുണ്ടോ;

(ബി) അച്ചടിച്ച ചോദ്യക്കടലാസിനു പകരം കമ്പ്യൂട്ടർവഴി ചോദ്യക്കടലാസ് നൽകാൻ ഉദ്ദേശമുണ്ടോ;

(സി) പരീക്ഷാകേന്ദ്രങ്ങളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുവാനും ഇത്തരം സ്ഥിരം പരീക്ഷാകേന്ദ്രങ്ങൾ തുടങ്ങുവാനും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) — (സി) പി. എസ്. സി.യിൽനിന്ന് വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly